II ഇ.ബി. XV- കേരള നിയമസഭ/VI-6

**പതിനഞ്ചാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2022 സെപ്റ്റംബർ 1, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹു. സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായി ഉൾപ്പെടുത്തിയ 152-ാം നമ്പർ ചോദ്യം അനുവദിക്കരുതെന്ന് ബഹു. പ്രതിപക്ഷനേതാവ് ആവശ്യപ്പെടുകയും സഭാതലത്തിൽ വന്ന ചോദ്യം ഒഴിവാക്കാൻ നിർവ്വാഹമില്ലെന്നും അടുത്ത സമ്മേളനം മുതൽ ഇക്കാര്യത്തിൽ കർശനമായ മാനദണ്ഡങ്ങൾ പാലിക്കുമെന്ന് ഉറപ്പുവരുത്തുമെന്നും ബഹു. സ്പീക്കർ മറുപടി നൽകുകയും തുടർന്ന് ചോദ്യോത്തരവേളയിലേക്ക് കടക്കുകയും ചെയ്തു)

19 (*151) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നല്കുന്നതിനും റേഷൻ കടകളെ വൈവിദ്ധ്യവൽക്കരിക്കുന്നതിനുമായി കെ-സ്റ്റോർ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും അപേക്ഷകൾ ലഭ്യമാകുന്ന പ്രദേശങ്ങളിൽ അന്വേഷണവിധേയമായി കടകൾ അനുവദിച്ചുവരുന്നുണ്ടെന്നും കെ-സ്റ്റോറിനായി തെരഞ്ഞെടുക്കുന്ന റേഷൻ കടയുടമകൾക്ക് ദേശസാൽകൃത ബാങ്കുകളുടെ സഹകരണത്തോടെ കുറഞ്ഞ പലിശനിരക്കിൽ 2 ലക്ഷം രൂപവരെ വായ്പ നൽകുന്നതിനും കടകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് മാവേലി സ്റ്റോറുകൾ സപ്ലൈകോ സൂപ്പർ സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്ന്ന അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിന്റെ ഭാഗമായി കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം 13 സബ്സിഡി ഇനങ്ങളും 9 ഇനം 'ശബരി' ബ്രാൻഡ് ഉല്പന്നങ്ങളും മറ്റ് അവശ്യവസ്തുക്കളും പൊതു വിപണിയിലേതിനേക്കാൾ 5-50

ശതമാനം വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്യുന്നുണ്ടെന്നും ഓണക്കാലത്ത് സ്പെഷ്യൽ ഫെയറുകൾ വഴി മുൻഗണനേതരവിഭാഗത്തിനുൾപ്പെടെ കുറഞ്ഞവിലയ്ക്ക് അവശ്യസാധനങ്ങളും കാർഡൊന്നിന് 10 കിലോ അരിയും ലഭ്യമാക്കിവരുന്നുണ്ടെന്നും അറിയിച്ചു. ജനങ്ങൾ കൂടുതലുപയോഗിക്കുന്ന ഇനം അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനാൽ പൊതുവിപണിയിൽ അരി വില ഉയരുന്നത് തടയുന്നതിന് സാധിച്ചിട്ടുണ്ട്. PMGKAY പദ്ധതിപ്രകാരം അധിക ഭക്ഷ്യധാന്യം ലഭ്യമായതിനാൽ വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കൽ, അവശ്യസാധനങ്ങളുടെ ഓൺലൈൻ സെയിൽസ് ആൻഡ് ഹോം ഡെലിവറി, വിപണന ശൃംഖല വിപുലീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ സപ്ലൈകോ വഴി നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. റേഷൻകടകളുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തി സ്മാർട്ട് കാർഡുകളുടെ സഹായത്തോടെ മിനി ബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി സ്മാർട്ട് റേഷൻ കടകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാര പരിശോധന നടത്തിയാണ് FCI ഗോഡൗണിൽനിന്നും ഭക്ഷ്യസാധനങ്ങൾ എടുക്കുന്നതെന്നും NFSA

ഗോഡൗണുകളിലേയ്ക്കും റേഷൻ കടകളിലേയ്ക്കും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിന് GPS അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് & ഫ്ലീറ്റ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ചുവരുന്നുണ്ടെന്നും കേരളത്തിലെ പൊതുമേഖല/സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ കൂട്ടായ്മകൾ, എം.എസ്.എം.ഇ. യൂണിറ്റുകൾ എന്നിവർക്ക് പ്രയോജനം കിട്ടുന്നവിധത്തിലാണ് ഓണക്കിറ്റുകൾ തയ്യാറാക്കിയിരിക്കുന്നതെന്നും കിറ്റുകളുടെ വിതരണം സുഗമമായി നടക്കുന്നുണ്ടെന്നും കന്യാസ്ത്രീ മഠങ്ങളുൾപ്പെടെയുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 15 കിലോ ഭക്ഷ്യധാന്യം നൽകുന്നുണ്ടെന്നും അറിയിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ 172000 അനർഹരെ മുൻഗണനാ ലിസ്റ്റിൽനിന്ന് ഒഴിവാക്കുകയും പുതിയതായി രണ്ടരലക്ഷത്തിലധികം കുടുംബങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും മലയോര-തീരപ്രദേശ മേഖലകളിൽ മൊബൈൽ മാവേലി സ്റ്റോറുകളിലൂടെ അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നുണ്ടെന്നും മറ്റുസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലും പ്രസ്തുത സംവിധാനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമെന്നും വയനാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും

പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് കേന്ദ്രനിർദ്ദേശപ്രകാരം വിതരണം ചെയ്തുവന്നിരുന്ന സമ്പുഷ്ടീകരിച്ച അരിയുടെ ഉപയോഗം സിക്കിൾ സെൽ അനീമിയ, തലാസിയ തുടങ്ങിയ രോഗികളെ ദോഷകരമായി ബാധിക്കുമെന്നുള്ള ആശങ്കയുടെ അടിസ്ഥാനത്തിൽ ടി ജില്ലയിലെ ജനപ്രതിനിധികളുൾപ്പെടെയുള്ളവരുടെ യോഗംചേർന്ന് ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോക്ടർമാരുടെ സമിതിയെ നിയോഗിക്കണമെന്ന് ആരോഗ്യ വകുപ്പിനോടാവശ്യപ്പെടാനും ഇത്തരം രോഗികൾക്ക് ടി അരി വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20(*152) രാഷ്ട്രീയ ഗൂഢാലോചന കേസിൽ അന്വേഷണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, വിമാനത്തിൽ വച്ച് മുഖ്യമന്ത്രിയെ ആക്രമിക്കാൻ ശ്രമിച്ച കേസിലെ ഗൂഢാലോചനയിൽ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ പങ്കാളിത്തം പോലീസ് കണ്ടെത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മുഖ്യമന്ത്രിയുടെ വാഹനം കാക്കനാട് ഭാഗത്ത് വച്ച് തടയുവാൻ ശ്രമം നടത്തിയ സംഭവത്തിൽ പതിനൊന്ന് ക്രിമിനൽ കേസുകളിൽ പ്രതിയായ കോൺഗ്രസ്സ്

പ്രവർത്തകനെതിരെ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. ഇ. പി. ജയരാജനെ വധിക്കാൻ തൈക്കാട് ഗസ്റ്റ് ഹൗസിൽ ഗൂഢാലോചന നടത്തിയതുമായി ബന്ധപ്പെട്ട് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ പ്രതിപ്പട്ടികയിലുണ്ടായിരുന്ന രണ്ട് പ്രതികൾ മരണപ്പെട്ടതായും മൂന്ന് പ്രതികൾ വിചാരണ നേരിടുന്നുണ്ടെന്നും വിചാരണ നടപടികൾ ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും ഇ.പി. ജയരാജൻ വധശ്രമക്കേസിലെ രണ്ടാം പ്രതി മറ്റുകേസുകളിൽ 19 വർഷം കഠിനതടവിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും മേൽപ്പറഞ്ഞ സംഭവങ്ങളുടെ ഗൂഡാലോചനയിൽ ശ്രീ. കെ. സുധാകരന് പങ്കുണ്ടെന്ന് അദ്ദേഹത്തിന്റെ മുൻഡ്രൈവർ വെളിപ്പെടുത്തിയതായും വ്യക്തമാക്കി. നിയമവിരുദ്ധപ്രവർത്തനങ്ങളുടെ കേന്ദ്രമായി മഞ്ചേശ്വരത്തെ മാറ്റാനുള്ള ശ്രമത്തിനെതിരെ ജാഗ്രതപുലർത്തുന്നുണ്ടെന്നും പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

21(*153) <u>മാലിന്യ സംസ്കരണ നിയമാവലി</u>

തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മാലിന്യ

സംസ്കരണ നിയമാവലി തയ്യാറാക്കിയിട്ടുണ്ടെന്നും ശുചിത്വമിഷന്റെ സേവനം ഉപയോഗപ്പെടുത്തി ജനങ്ങളെ ബോധവൽക്കരിച്ചും CCTV ക്യാമറകൾ സ്ഥാപിച്ചും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിച്ചും മെക്കനൈസ്ഡ് സ്വീപ്പിംഗ് മെഷീനുകൾ/എയ്റോബിക് ബിന്നുകൾ/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും പൊതു ഇടങ്ങളിൽ ശുചിത്വമുറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഹരിതകർമ്മ സേന വഴി വീടുകളിൽനിന്നും മാലിന്യം ശേഖരിച്ച് തരംതിരിച്ച് ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിനുമുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണം/പൊളിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും 'തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി' തയ്യാറാക്കിയിട്ടുണ്ടെന്നും പൗൾട്രി സ്റ്റാളുകൾ/പൗൾട്രി വേസ്റ്റ് റെന്ററിംഗ് പ്ലാന്റുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും കോഴിമാലിന്യമുൾപ്പെടെയുള്ള അറവുമാലിന്യം സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജലാശയങ്ങളെ സംരക്ഷിക്കുന്നതിന് 'തെളിനീരൊഴുകും നവകേരളം' (ക്ലീൻ

അക്വഫർ) ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ശുചിത്വ/മാലിന്യസംസ്കരണത്തിന്റെ മേൽനോട്ടത്തിനായി ഹരിത മിത്രം - സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് നിലവിൽ വന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സമ്പൂർണ്ണ ശുചിത്വ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രതിമാസ അവലോകനയോഗങ്ങളും 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' ക്യാമ്പയിനുകളും നടത്തിവരുന്നുണ്ടെന്നും ഹരിതകർമ്മ സേനാംഗങ്ങൾക്ക് മതിയായ പ്രതിഫലം നൽകാൻ തീരുമാനമായിട്ടുണ്ടെന്നും മാലിന്യസംസ്കരണം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും ജൈവമാലിന്യസംസ്കരണത്തിന് കേന്ദ്രീകൃത സംവിധാനമൊരുക്കുന്നതിലുള്ള എതിർപ്പിനെതിരെ ബോധവൽക്കരണം ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**<u>അടിയന്തരചോദ്യം</u>**

## തീവ്രമഴമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിതീവ്ര മഴയും ഉരുൾപൊട്ടലുമുണ്ടായതുമൂലം സംഭവിച്ച നാശനഷ്ടങ്ങൾ പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ടെന്നും സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ചുള്ള സഹായം ദുരിതബാധിതർക്ക് സമയബന്ധിതമായി അനുവദിക്കുമെന്നും സഭയെ അറിയിച്ചു. മുഖ്യമന്ത്രി/റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പ് മേധാവികളുടെയും കളക്ടർമാരുടെയും യോഗം ചേർന്ന് മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുകയും എല്ലാ ജില്ലകൾക്കും ഒരു കോടി രൂപ വീതം പ്രാഥമിക ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റൂൾ കർവ് കമ്മിറ്റികൾ കൃത്യമായി ചേർന്ന് നദികളിലെയും അണക്കെട്ടുകളിലെയും ജലനിരപ്പ് ക്രമീകരിച്ചതിനാൽ ഡാമുകൾ തുറക്കുന്നതിന്റെ ഭാഗമായുണ്ടാകാറുള്ള പ്രളയം ഒഴിവാക്കാൻ സാധിച്ചുവെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും സ്വകാര്യ ഏജൻസികളുടെയും കാലാവസ്ഥ പ്രവചന സംവിധാനങ്ങളിൽനിന്നും മഴമാപിനികളിൽനിന്നുമുള്ള വിവരം ശേഖരിച്ച് ദുരന്ത സാധ്യതകൾ എത്രയും

വേഗം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സാമൂഹ്യ-പത്ര-ശ്രവ്യ-ദൃശ്യ മാധ്യമങ്ങളെ ഉൾപ്പെടുത്തി വിപുലമായ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ടെന്നും ഉരുൾപൊട്ടലും മണ്ണിടിച്ചിലും കൂടുതലായി കണ്ടുവരുന്ന ഇടുക്കി ജില്ലയിലും വയനാട്- കോഴിക്കോട് അതിർത്തിയിലും High Altitude Rescue Hub-കൾ സ്ഥാപിക്കുന്നത് സജീവ പരിഗണനയിലാണെന്നും വടക്കൻ കേരളത്തിലും തിരുവനന്തപുരത്തും ഡോപ്ലർ റഡാറുകൾ സ്ഥാപിക്കണമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കി. സംസ്ഥാനം ആവശ്യപ്പെട്ട 100 മഴമാപിനികളിൽ 79 എണ്ണം പ്രവർത്തന സജ്ജമായിട്ടുണ്ട്. അപ്രതീക്ഷിത ഉരുൾപൊട്ടലുണ്ടായ കുടയത്തൂരിൽ സമയബന്ധിതമായി പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചുവെന്നും ഇനിയുള്ള ദിവസങ്ങളിലും അതിതീവ്ര മഴയുണ്ടാകാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗരൂകരാവണമെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണമെന്നും മന്ത്രി അറിയിച്ചു. സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്ന് വ്യാപാരസ്ഥാപനങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ലെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.